

Jahrgang- 51 4 Heft Oktober -Dezember 2023

# നമ്മുടെ ലോകം

മറുനാടൻ മലയാളപ്രസിദ്ധീകരണം

Merry Christmas

കഥകൾ • കവിതകൾ

ലേഖനങ്ങൾ • കാർട്ടൂണുകൾ

ലേഖനം/ മേരി അലക്സ്

# ലോകസഞ്ചാരിയായ സാഹിത്യകാരൻ



സുപ്രഭാതം പൊട്ടിവിടരുമ്പോഴാണ് സാധാരണ എല്ലാവരും പ്രഭാതവന്ദനം അയക്കാറുള്ളത്. എന്നാൽ ഒരാൾ, മനുഷ്യർ സുഖനിദ്രയിലാണ്ടു കിടക്കുമ്പോൾ രാവിലെ രണ്ട് മണിക്കും മൂന്ന് മണിക്കുമൊക്കെ പ്രഭാതവന്ദനം അയക്കാറുണ്ട്. അത് മറ്റാരുമല്ല ലോകസഞ്ചാരിയായ ശ്രീ. കാരൂർ സോമനാണ്. എന്റെ സ്നേഹിതരായ ചില എഴുത്തുകാരോട് ഞാൻ ഇതേപ്പറ്റി പറഞ്ഞപ്പോൾ അവരിൽ നിന്ന് ലഭിച്ച മറുപടി കാരൂർ രാപ്പകൽ എഴുതുന്ന ഒരു വ്യക്തിയെന്നാണ്.

മലയാള സാഹിത്യത്തിൽ ഒറ്റയാനായി നിലകൊള്ളുന്ന കാരൂർ സോമനോട് എനിക്ക് ആദരവാണ് തോന്നിയിട്ടുള്ളത്. ബ്രിട്ടനിലെ പ്രശസ്ത ഡോക്ടേഴ്സ് നടത്തുന്ന 'കല' എന്ന സംഘടന കഥാമത്സരം നടത്തിയപ്പോൾ കാരൂർ സോമന്റെ 'കോഴി' എന്ന കഥയ്ക്ക് ഒന്നാം സ്ഥാനം ലഭിച്ചു. അവർ രൂപപ്പെടുത്തിയത് വി. കെ എൻ കഥകൾ പോലെയാണ് കാരൂർ കഥകൾ. എന്നാൽ കാരൂരിനെ ഞാൻ ഉപമിക്കുന്നത് പൊൻകുന്നം വർക്കി സാറിനോടാണ്.

കാരൂർ സോമന്റെ എഴുത്തുകൾ നീണ്ട വർഷങ്ങളായി എനിക്ക് ഇയെമിൽ വഴി ലഭിക്കാറുണ്ട്. അദ്ദേഹം ലിമ വേൾഡ് ലൈബ്രറി സാഹിത്യ ഓൺലൈൻ തുടങ്ങിയപ്പോൾ എനിക്കതിൽ എഴുതാൻ അവസരം ലഭിച്ചു. സത്യത്തിൽ ലോകമെങ്ങും എന്റെ പേര് എത്തിയത് ലിമ വഴിയാണ്. എന്റെ പുസ്തകം കെ. പി. പബ്ലിക്കേഷ്സ്, ആമസോൺ വഴി പബ്ലിഷ് ചെയ്യാനും സാധിച്ചു.

അടുത്തയിടെ കാരൂരിന്റെ 'കാലത്തിന്റെ എഴുത്തകങ്ങൾ' എന്ന സാഹിത്യ പഠന പുസ്തകത്തിന്റെ പ്രകാശന വീഡിയോ യൂട്യൂബിൽ കാണാനിടയായി. ആ സാഹിത്യ സെമിനാർ ചടങ്ങിൽ ഡോ. പോൾ മണലിൽ, ഡോ. മുഞ്ഞിനാട് പത്മകുമാർ ഹൃദയം നിറഞ്ഞ പ്രശംസകൾ ചൊരിഞ്ഞപ്പോൾ കാരൂരിന്റെ സർഗ്ഗസാഹിത്യത്തെപ്പറ്റി എനിക്കും ചിലത് എഴുതണമെന്ന് തോന്നി. ഇല്ലെങ്കിൽ അത് അദ്ദേഹത്തോട് കാട്ടുന്ന നീതികേടാണ്. കാരണം നീണ്ടനാളുകളായി പ്രമുഖ മാധ്യമങ്ങളിൽ വരുന്ന രചനകളൊക്കെ മറ്റുള്ളവർക്ക് ഇമെയിൽ ചെയ്യുന്ന കൂട്ടത്തിൽ എനിക്കും അദ്ദേഹം അയച്ചു തരാറുണ്ട്.

കാരൂരിന്റെ വ്യത്യസ്തമാർന്ന ഓരോ സൃഷ്ടികളും മനസ്സിരുത്തി വായിക്കുന്ന ഒരാളാണ് ഞാൻ. അഭിനന്ദനങ്ങൾ എന്ന ഒറ്റവാക്കിൽ ചുരുക്കാനാവുന്നതല്ല കാരൂരിന്റെ വ്യക്തിത്വവും സർഗ്ഗശേഷിയും. രൂപത്തിലും ഭാവത്തിലും ഗൗരവക്കാരൻ. സംസാരത്തിൽ ധാർഷ്ട്യം,



നിഷേധം. എന്നാൽ ആളൊരു നിഷ്കളങ്കനാണ്. പ്രമുഖരായ എഴുത്തുകാരൊക്കെ സ്വന്തം നിലപാടുകളിൽ ഉറച്ചു നിൽക്കുന്നവരാണ്. സമൂഹത്തിൽ മനുഷ്യർ പല വിധത്തിൽ ചവിട്ടിയരക്കപ്പെടുമ്പോൾ കാരൂർ സംഹാര ശക്തിയോടെ പ്രതികരിക്കാറുണ്ട്. അതൊക്കെ മർദ്ദകർക്കെതിരെ നടത്തുന്ന നിലപാടുകളായിട്ടാണ് എനിക്ക് തോന്നിയിട്ടുള്ളത്. അന്ധവിശ്വാസികൾക്ക് അല്ലെങ്കിൽ യാഥാസ്ഥിതികർക്ക് അത് അരോചകമായി തോന്നും. ഏത് മതവിശ്വാസിയായാലും അവരെ കുറ്റപ്പെടുത്താനും സാധിക്കില്ല. കാരണം പഠിച്ചു വളർന്നത് കെട്ടുകഥകളിലും, ഐതിഹ്യങ്ങളിലും, പുരാണങ്ങളിലും വരിഞ്ഞുമുറുക്കിയ വിശ്വാസങ്ങളാണ്. ഇന്ത്യയിൽ കാണുന്ന കാടത്തത്തെയാണ് അദ്ദേഹം എതിർക്കുന്നത്. അല്ലാതെ വിശ്വാസങ്ങളോടുള്ള അസഹിഷ്ണുത അല്ല. കാരൂർ ഊന്നി പറയുന്നത് മനുഷ്യർ ശാസ്ത്രീയമായി വളരെ പുരോഗതി പ്രാപിക്കേണ്ടതുണ്ടെന്നാണ്. അത് അറുപത്തിയേഴ് രാജ്യങ്ങൾ സന്ദർശിച്ച അനുഭവപാഠങ്ങളിൽ നിന്നാകണം.

കാരൂരിന്റെ ആതമകഥ 'കഥാകാരന്റെ കനൽ വഴികൾ' (പ്രഭാത് ബുക്ക്സ്) കുറേ ഞാൻ വായിച്ചിട്ടുണ്ട്. അതിൽ പ്രതിപാദിക്കുന്നത് പഠിക്കുന്ന കാലത്ത് പണ്ഡിത കവി ശ്രീ. കെ.കെ. പണിക്കരുടെ സഹായത്താൽ ബാലരമയിൽ കവിതകൾ, കഥകൾ റേഡിയോ നാടകങ്ങൾ എഴുതി എന്നാണ്. ഇന്ന് യുകെയിൽ ഇരുന്നുകൊണ്ട് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുമുള്ള മാധ്യമങ്ങളിൽ ഓൺലൈനിലും അല്ലാതെയും (കേരളം, ഗൾഫ്, യൂറോപ്പ്, അമേരിക്ക, ഓസ്ട്രേലിയ) കാരൂരിന്റെ എഴുത്തുകൾ കാണാം.

മലയാള സാഹിത്യത്തിൽ പന്ത്രണ്ട് രംഗങ്ങളിൽ തിളങ്ങി നിൽക്കുന്ന മറ്റൊരു സാഹിത്യകാരൻ ഇല്ലെന്ന് തന്നെ പറയാം. ഡോ. പോൾ മണലിൽ പറഞ്ഞതു പോലെ അദ്ദേഹം ഒരു ആഗോളപൗരൻ തന്നെ. ഡോ. മുഞ്ഞിനോട് പത്മകുമാർ അമർഷത്തോടെ പറയുന്നത് കാരൂരിന്റെ 'കൃഷിമന്ത്രി' എന്ന ബാലനോവൽ പാഠ്യവിഷയമാക്കിയാൽ കുട്ടികൾക്ക് ഏറെ ഗുണം ചെയ്യും എന്നാണ്. ഞാൻ 1970 മുതൽ എഴുതിത്തുടങ്ങി. രചനകൾ രണ്ട് മൂന്നക്കത്തിൽ ഉണ്ടെങ്കിലും പുസ്തകങ്ങൾ രണ്ട് മൂന്ന് എണ്ണത്തിൽ മാത്രം. മക്കൾ വിദേശത്തുള്ളതുകൊണ്ട് അത്രയും തന്നെ വിദേശയാത്രയും. അതുമായി തുലനം ചെയ്യുമ്പോൾ അറുപത്തിയേഴ് രാജ്യങ്ങൾ സന്ദർശിക്കുക, അതിൽത്തന്നെ പ്രധാനപ്പെട്ട എല്ലാ രാജ്യങ്ങളുടെയും സാമൂഹിക സാംസ്കാരിക ചരിത്രം യാത്രാ വിവരണങ്ങളായി എഴുതുക, ഇംഗ്ലീഷ് അടക്കം അറുപത്തിയാറ് പുസ്തകങ്ങൾ രചിക്കുക എന്നൊക്കെ കേൾക്കുമ്പോൾ ആരിലും ഒരല്പം അസൂയ തോന്നിയില്ലെങ്കിലേ അത്ഭുതമുള്ളൂ.

കാരൂരിന്റെ പല കഥകളും ടെലിഫിലം ആയിട്ടുണ്ട്. അതിൽ 'വീൽ ചെയറിന്റെ മക്കൾ' ആണ് എനിക്ക് ഏറെ ഇഷ്ടം. 'അബു' എന്ന കഥ 2022 ൽ സിനിമയായി. വരാനിരിക്കുന്ന 'ബൊളീവിയൻ കൊടുങ്കാറ്റ്' (ചെഗുവേര ജീവിതം) എന്ന സിനിമയിലെ വിപ്ലവഗാനം കേട്ടപ്പോൾ കേരളത്തിൽ വിപ്ലവം പൊട്ടിപ്പുറപ്പെടുമോയെന്നു പോലും തോന്നിപ്പോയി. അദ്ദേഹത്തിന്റെ പുസ്തകങ്ങൾ പേരിൽ പുതുമ മാത്രമല്ല കൗതുകവും ജനിപ്പിക്കുന്നു. 1985 മുതൽ 2023 വരെയുള്ള കാലയളവിലെ അറുപത്തിയേഴ് പുസ്തകങ്ങളുടെ പേരുകൾ അക്ഷരമാലയിലെ 'ക' എന്ന അക്ഷരത്തിലാണ് തുടങ്ങിയിരിക്കുന്നത്. ഇത് ലോകസാഹിത്യത്തിലെ അത്യപൂർവ്വമായ ഒരു കാഴ്ച തന്നെയാണ്. മലയാള സാഹിത്യരംഗം ഇതൊക്കെ നിസ്സാരമായി കാണുന്നല്ലോ എന്നതാണ് ദുഃഖകരം.

കാരൂരിന്റെ സർഗ്ഗസാഹിത്യത്തെപ്പറ്റി ഡോ. മുഞ്ഞിനോട് പത്മകുമാർ എഴുതിയ പഠന ഗ്രന്ഥം 'കാലത്തിന്റെ



എഴുത്തകങ്ങൾ’ മലയാള സാഹിത്യത്തിന് ഒരു മുതൽക്കൂട്ടാണെന്ന് പറയുന്നതിൽ ഒട്ടും അതിശയോക്തിയില്ല. പ്രവാസ സാഹിത്യത്തിൽ ഇദ്ദേഹത്തിനു പകരം മറ്റൊരാളെ ചൂണ്ടിക്കാട്ടാനില്ല എന്നതാണ് യാഥാർത്ഥ്യം. അത് ലിമ വേൾഡ് ലൈബ്രറി സാഹിത്യ ഓൺലൈൻ, അമേരിക്കയിലെ ഈ മലയാളി പത്രം തുടങ്ങിയ ഓൺലൈനുകളിൽ ഇപ്പോഴും പരമ്പരായായി വന്നുകൊണ്ടിരിക്കുന്നു.

കാരൂരിന്റെ 34 പുസ്തകങ്ങൾ ഒരേ വേദിയിൽ ഒരേ സമയം പ്രകാശനം ചെയ്തതിനാണ് അദ്ദേഹത്തിന് ‘യൂ. ആർ. എഫ് ലോക റെക്കോർഡ്’ ലഭിച്ചത്. അദ്ദേഹത്തിന്റെ രണ്ട് ഇംഗ്ലീഷ് നോവലുകൾ ‘മലബാർ എ ഫ്ളയിം,’ ‘ദി ഡൗവ് ആൻഡ് ഡെവിൾസ്’ ആമസോൺ ബെസ്റ്റ് സെല്ലറിൽ വന്നതുകൊണ്ടാകാം ‘ആ ഇന്റർനാഷണൽ റൈറ്റർ’ എന്ന ബഹുമതി അദ്ദേഹത്തിന് കിട്ടിയത്.

ബ്രിട്ടീഷ് ഇന്ത്യയുടെ മൂന്ന് തലമുറകളുടെ മലയാള ചരിത്ര നോവലാണ് ‘കാണാപ്പുറങ്ങൾ.’ പ്രസിദ്ധീകരിച്ചത് സാഹിത്യപ്രവർത്തക സഹകരണ സംഘവും. അതിന്റെ ഇംഗ്ലീഷ് പരിഭാഷയാണ് ‘മലബാർ എ ഫ്ളയിം,’ ‘ദി ഡൗവ് ആൻഡ് ഡെവിൾസ്’ ‘കന്യാസ്ത്രീ കാർമ്മേൽ’ എന്ന മലയാളം നോവലിന്റെ പരിഭാഷയാണ്. ഇതിൽ പലതും പ്രഭാത് ബുക്സ് ആമസോണിൽ ലഭ്യമാണ്. ‘മലബാർ എ ഫ്ളയിം’ എന്ന നോവലിനെപ്പറ്റി വേൾഡ് ജേർണലിൽ റിവ്യൂ വന്നത് മലയാളത്തിന് ഒരപൂർവ്വ നേട്ടം തന്നെയാണ്. അതിന്റെ മലയാളം പരിഭാഷ ദീപികയിൽ ഞാൻ വായിക്കുകയുണ്ടായി. 2010 ൽ ജന്മഭൂമിയിലും, 2023 കേരള കൗമുദിയിലും വന്ന കാരൂരിന്റെ എഴുത്തു വഴികളെപ്പറ്റിയുള്ള പ്രശസ്തരായ എഴുത്തുകാരുടെ വിലയിരുത്തലുകൾ വായിച്ചപ്പോഴാണ് കാരൂർ സാഹിത്യ രംഗത്ത് എത്രയോ ഉന്നതിയിൽ നിൽക്കുന്നുവെന്ന് ഞാൻ മനസ്സിലാക്കിയത്. മനോരമയുടെ ഓൺലൈനിൽ കാരൂരിന്റെ ക്രൈം നോവൽ ‘കാര്യസ്ഥൻ,’ കവിമൊഴിയിൽ നോവൽ ‘കാലയവനിക’ എന്നീ പരമ്പരകൾ, 2012 ൽ ലണ്ടൻ ഒളിമ്പിക്സ്, മാധ്യമം പത്രത്തിന് വേണ്ടി ഒരു മാസക്കാലം റിപ്പോർട്ട് ചെയ്തത് ഇവയൊക്കെ കണ്ടും കേട്ടും മനസ്സിലാക്കിയപ്പോൾ പ്രവാസ സാഹിത്യത്തിൽ ഇദ്ദേഹത്തെപ്പോലെ മറ്റൊരാളില്ല എന്നതാണ് യാഥാർത്ഥ്യം.

കേരളത്തിലെ പ്രമുഖർ എഴുതുന്നതാണല്ലോ, ഓണപ്പതിപ്പുകൾ. അതിൽ 28 വർഷം തുടർച്ചയായി എഴുതിയിട്ടുള്ള മറ്റൊരു പ്രവാസിയും കാണില്ല. 2023 ൽ ജന്മഭൂമി ഓണപ്പതിപ്പിൽ വന്ന കഥ ‘ശ്മശാന മണ്ണിന്റെ തിളക്കം’ വായിച്ചു. ഇപ്പോൾ യൂട്യൂബിലും കാരൂരിന്റെ കഥകൾ, കവിതകൾ, ബുക്ക് റിവ്യൂകൾ മുതലായവ കാണാറുണ്ട്. ജർമ്മിനിയിൽ നിന്നു ജർമ്മൻ കാരിത്താസ് പ്രസാധകരായി 50 വർഷമായി തുടർച്ചയായി പ്രസിദ്ധീകരിക്കുന്ന നമ്മുടെ ലോകം ലിറ്ററേച്ചർ മലയാളം മാസികയുടെ സ്ഥിരം എഴുത്തുകാരനാണ് കാരൂർ സോമൻ.

കഴിഞ്ഞ മാസം കലാകൗമുദിയിൽ വന്ന ഡ്രാക്കുള നോവലിനെപ്പറ്റിയുള്ള ആർട്ടിക്കിൾ ധാരാളം അറിവുകൾ നൽകുന്നതാണ്. റൊമാനിയ – ബൾഗേറിയ യാത്രാവിവരണമായ ‘കാർപ്പത്തിയൻ പർവ്വതനിരകൾ’ പുറത്തുവരുമ്പോൾ നമുക്ക് അവയെക്കുറിച്ച് കൂടുതൽ അറിവുകൾ ലഭ്യമാകും. കാരൂരിന്റെ പത്ത് പ്രമുഖ വിദേശരാജ്യങ്ങളുടെ യാത്രാവിവരണങ്ങൾ മലയാള സഞ്ചാര സാഹിത്യത്തിന് മുതൽക്കൂട്ടായിട്ടുണ്ട്. ഇവയെല്ലാം പ്രഭാത് ബുക്ക്സ്, ആമസോൺ എന്നിവയിൽ ലഭ്യമാണ്. ചെറുപ്പം മുതൽ റേഡിയോ നാടകങ്ങൾ, നാടകം, സംഗീതനാടകം, നോവൽ, ബാലനോവൽ, ഇംഗ്ലീഷ് നോവൽ, ഇംഗ്ലീഷ് കഥ, കവിത, കഥ, ചരിത്ര കഥ, ജീവചരിത്രം, യാത്രാവിവരണങ്ങൾ, ശാസ്ത്രം, വൈജ്ഞാനിക കൃതികൾ, ടൂറിസം, കായികം തുടങ്ങി പന്ത്രണ്ട് രംഗങ്ങളിൽ സംഭാവനകൾ നൽകിയിട്ടുള്ള മറ്റൊരു എഴുത്തുകാരൻ ഉണ്ടാവില്ലെന്ന് നിസ്സംശയം പറയാം.

ഡോ. പോൾ, ഡോ. മുഞ്ഞിനാട് പറയുന്നതുപോലെ കാരൂർ കാലാകാലങ്ങളായി അവഗണന നേരിടുന്ന എഴുത്തുകാരനാണ്. ഈ രംഗത്ത് നിസ്സഹായതയുടെ നൊമ്പരങ്ങൾ അനുഭവിക്കുന്ന മറ്റ് എഴുത്തുകാരും ഉണ്ടെന്ന് പറയാതിരിക്കാൻ ആവില്ല. പാശ്ചാത്യ മണ്ണിൽ ജീവിക്കുമ്പോഴും മലയാളഭാഷയെ ഹൃദയത്തോട് ചേർത്താണ് കാരൂർ ജീവിക്കുന്നത്. 2004 ൽ കാക്കനാടൻ ചീഫ് എഡിറ്റർ ആയി യൂറോപ്പിൽ നിന്ന് ‘പ്രവാസി മലയാളം’ എന്ന മാസിക ഇറക്കുകയുണ്ടായി. ഇപ്പോൾ കാരൂർ സ്വന്തം കാശുമുടക്കി ആഗോള പ്രസിദ്ധ ലിമ വേൾഡ് ലൈബ്രറി സാഹിത്യ ഓൺലൈൻ, കെ.പി. ആമസോൺ പബ്ലിക്കേഷൻ, ഇംഗ്ലീഷ്, മലയാളം പുസ്തകങ്ങൾ പബ്ലിഷ് ചെയ്യുന്നു. ഇതിന്റെ പ്രത്യേകത എഴുത്തുകാരിൽ നിന്ന് ഒരു പൈസപോലും കമ്മീഷൻ എടുക്കുന്നില്ല എന്നുള്ളതാണ്. മാത്രമല്ല പുസ്തകങ്ങൾ എന്നും ആമസോണിൽ ജീവിച്ചിരിക്കുന്നു.

ആരൊക്കെ അവഗണിച്ചാലും ഗൂഢാലോചനകൾ നടത്തിയാലും എഴുത്തിൽ കാരൂർ തന്റെ ജൈത്രയാത്ര തുടരുന്നു. ഈ ലോക സഞ്ചാരിയിൽ നിന്ന് ഈടുറ്റതും പുതുമ നിറഞ്ഞതുമായ പുസ്തകങ്ങൾ ഇനിയും പ്രതീക്ഷിക്കുന്നു. അക്ഷരത്തെ പ്രാണവായുവിനെപ്പോലെ പ്രണയിക്കുന്ന കാരൂരിന് ആശംസകൾ നേരുന്നു.